**അടിയന്തരപ്രമേയം**

**കസ്റ്റഡി മരണം**

മി. സ്പീക്കർ: പട്ടികജാതി വിഭാഗത്തിൽപ്പെട്ട ചുമട്ടുതൊഴിലാളിയായ കോട്ടയം ജില്ലയിലെ മരങ്ങാട്ടുപിള്ളി പാറയ്ക്കൽ സ്വദേശി പി.വി. സിബി എന്ന യുവാവിനെ പോലീസ് കസ്റ്റഡിയിൽ എടുത്ത് ക്രൂരമായി മർദ്ദിക്കുകയും അടുത്ത ദിവസം അബോധാവസ്ഥയിൽ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൊണ്ടുപോകുകയും കഴിഞ്ഞ ശനിയാഴ്ച മരണപ്പെടുകയും ചെയ്തതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ കെ. രാധാകൃഷ്ണൻ, വി. എസ്. സുനിൽകുമാർ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, കോട്ടയം മരങ്ങാട്ടുപിള്ളി പോലീസ് സ്റ്റേഷനിലെ എസ്.ഐ.യും പാർട്ടിയും പട്രോളിംഗ് നടത്തിവരവെ 29.06.2015-ന് രാത്രി 8.50 ഓടുകൂടി മരങ്ങാട്ടുപിള്ളി ആശുപത്രി പരിസരത്ത് വച്ച് അമിതമായി മദ്യപിച്ച് ലഹരിയിൽ ലെക്ക് കെട്ട നിലയിലായിരുന്ന സിബിയെ പോലീസ് സ്റ്റേഷനിൽ കൂട്ടിക്കൊണ്ടുപോയി. രാത്രിയിൽ പോലീസ്സ്റ്റേഷനിൽ സൂക്ഷിച്ചിരുന്ന സിബിയെ 30.06.2015-ന്

രാവിലെ 7.45-ന് ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടതായി കാണപ്പെട്ടതിനാൽ പാലാ താലൂക്ക് ആശുപത്രിയിലും തുടർന്ന് വിദഗ്ദ്ധ ചികിത്സയ്ക്കായി കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലും പ്രവേശിപ്പിച്ചു. കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ 11.07.2015-ന് ഉച്ചയ്ക്ക് 12.30 ഓടുകൂടി മരണപ്പെട്ടിട്ടുള്ളതുമാണ്. പോലീസ് കസ്റ്റഡിയിൽ എടുത്ത സിബി ആശുപത്രിയിൽ ചികിത്സയിലിരിക്കെ 12 ദിവസങ്ങൾക്കുശേഷം മരണമടഞ്ഞ സംഭവം ഏറ്റവും ഗൗരവമായിട്ടാണ് ഗവൺമെന്റ് വീക്ഷിക്കുന്നത്. സിബിയെ കസ്റ്റഡിയിലെടുത്തതും മറ്റുമായി ബന്ധപ്പെട്ട് മൂന്നുകേസുകൾ മരങ്ങാട്ടുപിള്ളി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സിബിയെ കസ്റ്റഡിയിൽ എടുത്തതിന് അബ്കാരി ആക്ട് 15 (സി) വകുപ്പുപ്രകാരം ക്രൈം 528/2015 ആയും സിബിയെ കസ്റ്റഡിയിൽ എടുക്കുന്നതിനുമുൻപ് മരങ്ങാട്ടുപിള്ളി ആശുപത്രി പരിസരത്ത് വച്ച് സിബി ഉൾപ്പെട്ട ഒരു അടിപിടി സംഭവത്തെക്കുറിച്ചുള്ള രണ്ടു കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. മരങ്ങാട്ടുപിള്ളി ആശുപത്രിയിൽ അഡ്മിറ്റായിരുന്ന ഷൈല എന്ന സ്ത്രീക്ക് കൂട്ടിരുന്ന അവരുടെ മകൻ 16 വയസ്സുള്ള അമൽ ആണ് ഒരു കേസിലെ പരാതിക്കാരൻ. അമലിന്റെ 18 വയസ്സുള്ള സഹോദരിയെ തനിക്ക് വിവാഹം കഴിക്കണമെന്ന ആവശ്യത്തെത്തുടർന്നാണ് 29.06.2015-ന് രാത്രി 7 മണിയോടുകൂടി അടിപിടി

നടന്നത്. ഇക്കാര്യത്തിൽ അമലിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ IPC 323, 324, 294 (B), 341 പ്രകാരം ക്രൈം 530/2015 ആയി കേസും സിബിയുടെ സുഹൃത്ത് തോമസ് ജോസഫിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ അമലിനെ പ്രതിയാക്കി IPC 341, 323, 324 വകുപ്പുകൾ പ്രകാരം ക്രൈം 531/2015 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്തു. സിബിയെ കസ്റ്റഡിയിൽ എടുത്ത ഉടനെതന്നെ ആശുപത്രിയിൽ കൊണ്ടുപോയി ഡോക്ടറെ കാണിച്ച് പരിശോധിപ്പിക്കുന്നതിൽ വീഴ്ച വരുത്തിയ സബ് ഇൻസ്പെക്ടർ കെ. എ. ജോർജ്ജിനെ പ്രാഥമിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എറണാകുളം റെയ്ഞ്ച് ഐ.ജി. സസ്പെന്റ് ചെയ്തിട്ടുണ്ട്. ഇത് പോലീസിന്റെ ഭാഗത്തുനിന്നുമുള്ള വീഴ്ചയാണ്. പോലീസ് കസ്റ്റഡിയിൽ എടുത്ത സിബി മരണമടഞ്ഞ സാഹചര്യത്തിൽ ഇതുസംബന്ധിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ പുറപ്പെടുവിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കോട്ടയം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റിന്റെ സാന്നിദ്ധ്യത്തിൽ പാലാ ആർ.ഡി.ഒ ഇൻക്വസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. തുടർന്ന് കോട്ടയം മെഡിക്കൽ കോളേജിലെ ഫോറൻസിക് വിഭാഗം ഡോക്ടർമാരുടെ ഒരു ടീം പോസ്റ്റുമോർട്ടം നടത്തിയിട്ടുള്ളതാണ്. ഇൻക്വസ്റ്റും പോസ്റ്റുമോർട്ടവും പൂർണ്ണമായും വീഡിയോഗ്രാഫ് ചെയ്തിട്ടുള്ളതാണ്. സിബിയുടെ മരണം സംബന്ധിച്ച മുഴുവൻ വസ്തുതകളും സത്യസന്ധമായും കാര്യക്ഷമമായും

അടിയന്തരമായി അന്വേഷിച്ച് സംഭവത്തിന് ഉത്തരവാദികളായവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ഇക്കാര്യത്തിൽ ആരെയും സംരക്ഷിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് മരണമുണ്ടായ സാഹചര്യവും ഇതുസംബന്ധിച്ച മുഴുവൻ കേസുകളും അന്വേഷണ ചുമതലയുള്ള ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുള്ളതാണ്. ക്രൈം ബ്രാഞ്ച് എസ്. പി. ശ്രീ. എൻ. രാമചന്ദ്രന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘത്തെ ഇതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

മി. സ്പീക്കർ: ഈ വിഷയം സംബന്ധിച്ച് കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ശ്രീ. മോൻസ് ജോസഫ് (സ്ഥലം എം.എൽ.എ)-ഉം ശ്രീ. കെ. അജിത്, എം.എൽ.എ.-യും സബ്മിഷൻസ് നൽകിയിട്ടുണ്ട്. അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി ചോദിച്ചുകൊണ്ട് ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ സംസാരിച്ചതിനുശേഷം സ്ഥലം എം.എൽ.എ.-യായ ശ്രീ മോൻസ് ജോസഫിനെ ചുരുക്കമായി സംസാരിക്കാൻ അനുവദിക്കുന്നതാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പട്ടികജാതിക്കാരനായ ഒരു യുവാവിനെ അതിക്രൂരമായി പോലീസ് മർദ്ദിച്ചുകൊന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി ഇവിടെ പറഞ്ഞ മറുപടി മരണപ്പെട്ട അല്ലെങ്കിൽ

കൊലചെയ്യപ്പെട്ട ആൾ ഏതോ കുറ്റവാളി ആണെന്ന് സ്ഥാപിച്ചെടുക്കാൻ വേണ്ടിയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിരവധി ആളുകൾക്കാണ് പോലീസിന്റെ അതിക്രൂരമായ പീഢനത്തിന്റെ ഫലമായി ജീവൻ നഷ്ടപ്പെടേണ്ടി വന്നത്. ഈ അടുത്ത ദിവസം മരണപ്പെട്ട മരങ്ങാട്ടുപിള്ളി പാറയ്ക്കൽ വീട്ടിൽ പി.വി. സിബി എന്ന പട്ടികജാതിക്കാരനായ യുവാവ് അതിലെ അവസാനത്തെ ഇരയാണ്. പോലീസിന്റെ മൃഗീയവും ക്രൂരവുമായ ലോക്കപ്പ് മർദ്ദനത്തിന് വിധേയമായാണ് സിബി കൊല്ലപ്പെട്ടതെന്ന് സംശയരഹിതമായി തെളിയിക്കപ്പെട്ടിരിക്കുകയാണ്. സിബിയെ ആരും ഒന്നും ചെയ്തിട്ടില്ല പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചുവച്ചിരിക്കുകയായിരുന്ന പോലീസെന്നാണ് ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പമന്ത്രി ഇവിടെ പറഞ്ഞത്. അങ്ങനെ സൂക്ഷിച്ചുവച്ച സിബിയാണ് 11 ദിവസത്തിനുശേഷം കോട്ടയം മെഡിക്കൽ കോളേജിൽ മരിച്ച സ്ഥിതിയുണ്ടായത്. ഇനി സിബി ആത്മഹത്യ ചെയ്തതാണോ എന്നുപോലും വരുത്തി തീർക്കാനുള്ള ശ്രമം ഉണ്ടാകും എന്നാണ് കരുതുന്നത്. ഇവിടെ അടുത്ത ദിവസം പേപ്പട്ടിയെ കൊല്ലുന്നതിനുവേണ്ടി ബഹുമാന്യനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷി യോഗം ചേരുകയുണ്ടായി. അതായത് ജനങ്ങൾക്ക് നാശവും ദോഷവും ഉണ്ടാക്കുന്ന പേപ്പട്ടിയെ തല്ലിക്കൊല്ലണമെങ്കിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷി

യോഗം ചേരണം. എന്നാൽ കേരളത്തിൽ ഇപ്പോൾ പാവപ്പെട്ട പട്ടികജാതിക്കാരെ തല്ലിക്കൊല്ലാൻ ആർക്കും അവകാശം കൊടുക്കുന്ന ഒന്നായി മാറിയിരിക്കുന്നു എന്നൊരു പ്രത്യേകത കാണേണ്ടതുണ്ട്. കഴിഞ്ഞ നാലുകൊല്ലമായി കേരളം ഭരിക്കുന്ന യു.ഡി.എഫ്. സർക്കാരിന്റെ ഭീകരമായ പോലീസ് മർദ്ദനത്തിന്റെ ഫലമായി ജീവൻ ബലിയർപ്പിക്കേണ്ടി വന്ന നിരവധി ആളുകൾ കേരളത്തിലുണ്ട്. അതുസംബന്ധിച്ച് കൂടുതൽ വിശദാംശത്തിലേയ്ക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കഴിഞ്ഞ ജൂൺ 29-ന് വൈകുന്നേരം പൊതുസ്ഥലത്ത് മദ്യപിച്ചു എന്ന കാരണം പറഞ്ഞുകൊണ്ടാണ് മരങ്ങാട്ടുപിള്ളി പാറയ്ക്കൽ വിശ്വംഭരന്റെയും ലീലയുടെയും ഏകമകനായ സിബിയെ എസ്. ഐ. ജോർജ്ജുകുട്ടിയുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം കസ്റ്റഡിയിൽ എടുക്കുന്നത്. സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോകുന്ന വഴിക്കും അതുപോലെ തന്നെ രാത്രി മുഴുവനും സിബിയെ പോലീസ് സ്റ്റേഷനിൽ വച്ച് അതിക്രൂരമായി മർദ്ദിച്ചുവെന്നാണ് മനസ്സിലാക്കുന്നത്. മകനെ പോലീസ് പിടിച്ചുകൊണ്ടുപോയി എന്നതിന്റെ അടിസ്ഥാനത്തിൽ രാത്രി തന്നെ അച്ഛനും അമ്മയും ആ മകനെ കാണാൻ പോലീസ് സ്റ്റേഷനിൽ എത്തുകയുണ്ടായി. അവിടെ ചെന്നപ്പോൾ പോലീസ് സ്റ്റേഷന്റെ പിറകുവശത്ത് സിബി നഗ്നനായി കിടക്കുന്ന കാഴ്ചയാണ് അവർ കാണുന്നത്. അവർ അവിടെ നിന്ന് നിലവിളിച്ചപ്പോൾ രണ്ട്

പോലീസുകാർ സിബിയെ അവിടെനിന്നും വലിച്ചിഴച്ച് സ്റ്റേഷന്റെ വരാന്തയിലിടുകയും ചെയ്തു. മരങ്ങാട്ടുപിള്ളി പോലീസ് സിബിയെ ക്രൂരമായി മർദ്ദിച്ച് കൊലപ്പെടുത്താനുള്ള ശ്രമം നടത്തിയെന്നുള്ളത് അതിലൂടെ തന്നെ വ്യക്തമാവുകയാണ്. അച്ഛനമ്മമാർ മകനെ വിട്ടുകിട്ടണമെന്ന് അവരോട് കേണപേക്ഷിക്കുകയുണ്ടായി. എന്നാൽ അതിന് തയ്യാറായില്ലെന്നു മാത്രമല്ല അവരെ അസഭ്യം പറയുകയാണ് പോലീസുകാർ ചെയ്തതെന്നാണ് അവർ മൊഴികൊടുത്തിരിക്കുന്നത്. മാത്രവുമല്ല പോലീസുകാർ മർദ്ദിച്ച് അവശനാക്കിയപ്പോൾ മകൻ മലമൂത്രവിസർജ്ജനം നടത്തിയ പ്രദേശമാകെ അച്ഛനേയും അമ്മയേയും കൊണ്ട് കഴുകിച്ചുവെന്നുള്ള നീചമായ പ്രവർത്തികൂടി അവർ ചെയ്തു. നമ്മുടെ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ മാത്രം കേട്ടുകേഴ്വിയുള്ള കാര്യങ്ങളാണ് കേരളത്തിലിപ്പോൾ നടന്നുവരുന്നത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ പട്ടികജാതി ജനവിഭാഗങ്ങൾക്കിടയിൽ ഇത്തരം സംഭവങ്ങൾ നടന്നിട്ടുള്ളതായി നമ്മൾ കേട്ടിട്ടുണ്ട്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നടക്കുന്ന കാര്യങ്ങൾ ഇന്ന് കേരളത്തിൽ നടക്കുന്നുവെന്നത് അതീവ ഗൗരവത്തോടുകൂടി നമ്മളെല്ലാവരും കാണണമെന്നാണ് എനിക്ക് ഇവിടെ അഭ്യർത്ഥിക്കാനുള്ളത്. 8.6.2015-ന് ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി ഈ അസംബ്ലിയിൽ ശ്രീ.

എ.കെ. ബാലൻ ഉൾപ്പെടെയുള്ള ആളുകൾക്ക് കൊടുത്ത മറുപടിയിൽ പറയുന്നത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 3585 പട്ടികജാതിക്കാരാണ് വിവിധ രീതിയിലുള്ള പീഢനത്തിന് വിധേയമായിരിക്കുന്നത്. ഏകദേശം 2286 പട്ടികജാതിക്കാരാണ് ആത്മഹത്യ ചെയ്തിരിക്കുന്നത്. അതിൽ 560 പേർ സ്ത്രീകളാണ്. ഇപ്പോൾ കേരളത്തിലെ സ്ഥിതി ഉത്തരേന്ത്യൻ സംസ്ഥാനങ്ങളോട് സമാനമായി മാറികൊണ്ടിരിക്കുന്ന എന്നുള്ളത് അപമാനകരമാണെന്ന് ഞാൻ ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. രാത്രി 12.30 മണിവരെ അച്ഛനും അമ്മയും മകനെ വിട്ടുകിട്ടണമെന്ന് കേണപേക്ഷിച്ചിട്ടും പോലീസുകാർ അദ്ദേഹത്തെ വിട്ടുകൊടുക്കാൻ തയ്യാറായില്ലെന്നു മാത്രമല്ല അച്ഛനേയും അമ്മയേയും അവിടെനിന്ന് ആട്ടിപ്പായിക്കുകയാണ് ചെയ്തതെന്നാണ് ഞാൻ മനസിലാക്കുന്നത്. മഴയത്തുകിടന്ന മകനെ എടുത്തുകൊണ്ടുവന്നശേഷം അവർ ഈ മകനുമായി സംസാരിക്കുകയുണ്ടായി. ആ മകൻ അച്ഛനോടും അമ്മയോടും എനിക്ക് ഭക്ഷണം വേണമെന്നാണ് ആവശ്യപ്പെട്ടത്. പോലീസ് കസ്റ്റഡിയിലുള്ള പ്രതിക്ക് ഭക്ഷണം കൊടുക്കാൻപോലും തയ്യാറായില്ല എന്നുള്ളതിന്റെ സൂചനയാണിത്. മഴ നനഞ്ഞ മകന്റെ തല അമ്മ തോർത്തിക്കൊടുത്തു. തോർത്തിക്കൊടുക്കുന്നതിനുമുമ്പേ തലയിൽ പരിക്കുണ്ടായിരുന്നെങ്കിൽ തലതോർത്തുന്ന സമയത്ത് ആ മകൻ

കരയുമായിരുന്നു. എന്നാൽ കരയുകയല്ല അവൻ ചെയ്തത് എനിക്ക് ഭക്ഷണം വേണമെന്നാണ് അച്ഛനോടും അമ്മയോടും പറഞ്ഞത്. ഭക്ഷണംപോലും കൊടുക്കാതെ അതിക്രൂരമായി അവനെ പീഢിപ്പിച്ചതിന്റെ തെളിവാണ് പിറ്റേ ദിവസം രാവിലെ അവശനിലയിലായ സിബിയെ ആശുപത്രിയിൽ കൊണ്ടുപോകാൻ നിർബന്ധിതരായത്. സിബിയെ വിട്ടുനൽകാൻ അച്ഛനും അമ്മയും കരഞ്ഞ് അപേക്ഷിച്ചിട്ടും സിബിയെ ആശുപത്രിയിൽ എത്തിക്കാനുള്ള ശ്രമവും പോലീസിന്റെ ഭാഗത്തുനിന്നുണ്ടായില്ല. അച്ഛനും അമ്മയും അവിടെനിന്ന് പോയതിനുശേഷവും വീണ്ടും സിബിയെ പോലീസ് മർദ്ദിച്ചുവെന്നുള്ളതാണ് നാം മനസ്സിലാക്കേണ്ടത്. ആ മർദ്ദനത്തിൽ തലയ്ക്ക് ഗുരുതരമായ പരിക്കുപറ്റുകയും പിറ്റേദിവസം കാലത്ത് അദ്ദേഹത്തെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യാൻ നിർബന്ധിതമാകുകയും ചെയ്തത്. ആദ്യം പാലാ ആശുപത്രിയിലാണ് അഡ്മിറ്റ് ചെയ്തത്. അവിടെ ചികിത്സിക്കാൻ പറ്റില്ലെന്ന് പറഞ്ഞതിനാലാണ് കോട്ടയം മെഡിക്കൽ കോളേജിൽ കൊണ്ടുപോയത്. അവിടെയെത്തി പ്രാഥമിക പരിശോധന നടത്തിയപ്പോൾ തന്നെ അതിഭീകരമായ മുറിവാണ് തലയ്ക്ക് പറ്റിയിരിക്കുന്നതെന്ന് ഡോക്ടർമാർ പറഞ്ഞു. തലയ്ക്കകത്ത് രക്തസ്രാവമുള്ളതുകൊണ്ട് ജീവൻ രക്ഷിക്കാൻ പ്രയാസമാണെന്നുപറഞ്ഞുകൊണ്ടാണ് ന്യൂറോളജി വിഭാഗത്തിൽ സർജറിക്ക്

വിധേയനാക്കിയത്. അദ്ദേഹം അബോധാവസ്ഥയിൽ പതിനൊന്ന് ദിവസം അവിടെ കിടക്കുകയുണ്ടായി. ഈ പതിനൊന്ന് ദിവസം ഈ ഭരണകൂടം എന്തുചെയ്യുകയായിരുന്നു; ഇവിടെ പറഞ്ഞല്ലോ സിബി മറ്റൊരു ചെറുപ്പക്കാരനുമായി വഴക്കുണ്ടാക്കിയെന്ന്, എന്തുകൊണ്ട് പതിനൊന്ന് ദിവസമായിട്ട് ഈ പ്രതിക്കെതിരെ പോലീസ് കേസെടുത്തില്ല; എന്തുകൊണ്ട് ഈ ഗവൺമെന്റ് ഒരു നടപടിയും സ്വീകരിക്കാൻ തയ്യാറായില്ല; ജീവൻ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരാളുടെ, അല്ലെങ്കിൽ മർദ്ദനത്തിന് വിധേയനായ സിബിയെ മർദ്ദിച്ചുവെന്ന് പറയുന്ന പ്രതിക്കെതിരായി എന്തുകൊണ്ട് കേസ്സെടുത്തില്ല? ഇവർ വാദിക്കെതിരെയാണ് കേസ്സെടുക്കാൻ തയ്യാറായത്. എന്തുകൊണ്ട് പ്രതിക്കെതിരെ ഇതുവരെ കേസ്സെടുക്കാൻ കഴിഞ്ഞില്ല? വാദി മരിച്ചുവെന്ന് മനസ്സിലായപ്പോൾ പോലീസിനെ സംരക്ഷിക്കാൻവേണ്ടി, 16 വയസ്സായ ഒരു ചെറുപ്പക്കാരനെ പ്രതിയാക്കി ഗവൺമെന്റ് ഈ നിലപാട് സ്വീകരിക്കുന്നത്. യഥാർത്ഥ പ്രതികളെ സംരക്ഷിക്കാൻവേണ്ടി, ഒരു 16 വയസ്സുകാരനെ പ്രതിയാക്കിക്കൊണ്ടുള്ള നിലപാട് സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകാനാണ് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. എസ്.ഐ.-യെക്കുറിച്ച് കൃത്യമായ തെളിവില്ലാത്തതിനാൽ ഞാൻ അദ്ദേഹത്തിനെതിരെ ആരോപണമെന്നും ഉന്നയിക്കാൻ ആഗ്രഹിക്കുന്നില്ല. ക്രിമിനൽ പശ്ചാത്തലമുള്ള

ആളാണ് അവിടുത്തെ എസ്.ഐ. എന്നാണ് പറയുന്നത്. പോലീസ് അസോസിയേഷന്റെ തലപ്പത്തുള്ള നേതാവായതിനാൽ അദ്ദേഹത്തെ സംരക്ഷിക്കാനുള്ള ശ്രമം നടക്കുന്നുണ്ടെന്നാണ് മനസ്സിലാക്കുന്നത്. പോലീസ് കംപ്ലയിന്റ് അതോറിറ്റി ചെയർമാൻ ജസ്റ്റീസ് കെ. നാരായണക്കുറുപ്പ് ആശുപത്രി സന്ദർശിക്കുകയും സിബിയെ നേരിട്ട് കാണുകയുമുണ്ടായി. ആശുപത്രിയിൽ എത്തിയ അദ്ദേഹത്തിന് സംഭവങ്ങൾ നേരിട്ട് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് മനുഷ്യാവകാശ കമ്മീഷന് റിപ്പോർട്ടുകൊടുത്തത്. അതിന്റെയടിസ്ഥാനത്തിലാണ് മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്ത് നടപടി സ്വീകരിക്കാൻ മുന്നോട്ട് വന്നത്. എന്നാൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തുനിലപാടാണ് സ്വീകരിച്ചതെന്ന് നമ്മൾ കണ്ടു. ലോക്കപ്പ് മർദ്ദനത്തിലാണ് സിബി കൊല്ലപ്പെട്ടതെങ്കിലും ലോക്കപ്പ് മർദ്ദനത്തിന് കേസ്സെടുക്കാനല്ല തീരുമാനിച്ചത്, മറിച്ച് അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കേണ്ട കാര്യങ്ങൾ വേണ്ടരീതിയിൽ നിർവ്വഹിച്ചില്ല എന്നുള്ളതിന്റെ പേരിലാണ് എസ്.ഐ. ജോർജ്ജുകുട്ടിക്കെതിരെ കേസ്സെടുത്തിരിക്കുന്നത് എന്നാണ് എസ്.പി. പറയുന്നത്. പ്രതിയെ സംരക്ഷിക്കാനുള്ള വലിയ ഗൂഢാലോചനയാണ് ഇതിനുപിന്നിൽ നടത്തിക്കൊണ്ടിരിക്കുന്നതെന്ന് നമുക്ക് മനസ്സിലാക്കാം. കഴിഞ്ഞ നാലുവർഷക്കാലം ഈ

ഗവൺമെന്റ് പോലീസ് മേഖലയിൽ സ്വീകരിച്ച നിലപാടുകൾ, കേരളത്തിൽ വലിയ ദുരന്തങ്ങളാണ് ഉണ്ടാക്കിയിട്ടുള്ളതെന്ന് മനസ്സിലാക്കേണ്ടതുണ്ട്. കേരളത്തിലെ പോലീസ് സേന ജനങ്ങളോട് വലിയ ഉത്തരവാദിത്തം കാണിക്കേണ്ടവരാണ്. അത് കാണിക്കുന്നില്ലെന്നുമാത്രമല്ല, നമ്മുടെ നാട്ടിലെ സാധാരണക്കാരായ പാവപ്പെട്ട ആളുകളെ പീഡിപ്പിച്ചും മർദ്ദിച്ചും കൊന്നൊടുക്കാനുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. എന്നാൽ ഇതിന്റെ മറുഭാഗം നമ്മൾ കാണേണ്ടതുണ്ട്. ഇവിടെ സമ്പന്നരും പ്രമാണികളും എന്ത് തോന്ന്യാസം കാണിച്ചാലും അവർക്ക് എല്ലാത്തരത്തിലുമുള്ള സംരക്ഷണം കൊടുക്കാൻ പോലീസ് സേനയും ഭരണാധികാരികളും തയ്യാറാകുന്നൊരു കാഴ്ചയാണ് നാം കണ്ടത്. തൃശ്ശൂർ ജില്ലയിലെ പാവപ്പെട്ട സെക്യൂരിറ്റി ജീവനക്കാരനായ ചന്ദ്രബോസിനെ വണ്ടി കയറ്റിക്കൊന്ന മുഹമ്മദ് നിസാമിനെ സംരക്ഷിക്കാൻ പോലീസും ഭരണകൂടവും ശ്രമിച്ച കാഴ്ച നാം കാണുകയുണ്ടായി. പണവും സമ്പത്തും പ്രമാണിത്തവുമുള്ള ആളുകൾക്ക് ഇവിടെ എന്ത് തോന്ന്യാസവും കാണിക്കാനുള്ള സൗകര്യമാണ് ഈ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. പാവപ്പെട്ടവനെ തല്ലി കൊല്ലുകയാണ്, പുസ്തകം ചോദിച്ച് സമരം നടത്തിയ കുട്ടികളെയും യുവാക്കളെയും തല്ലിയൊതുക്കുന്ന കാഴ്ച പത്രങ്ങളിലൂടെ നാമെല്ലാം കാണുകയാണ്. തല്ലിയൊതുക്കുന്ന ആളുകൾ പറയുന്നത് ഞങ്ങൾക്ക്

എന്തും ചെയ്യാനുള്ള സ്വാതന്ത്ര്യം അരുവിക്കര ഉപതെരഞ്ഞെടുപ്പിലൂടെ കിട്ടിയിരിക്കുന്നുവെന്നാണ്. ഇങ്ങനെ എന്തും ചെയ്യാനുള്ള സ്വാതന്ത്ര്യം കിട്ടിയെന്ന് ചില പോലീസുദ്യോഗസ്ഥർ ധരിക്കുന്നുണ്ടെങ്കിൽ നാളെ അവർ ജനങ്ങൾക്കുമുമ്പിൽ മറുപടി പറയേണ്ടിവരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ജനങ്ങളെ ഭീതിപ്പെടുത്തിയും തല്ലിയൊതുക്കിയും ഭരണാധികാരികൾക്ക് മുന്നോട്ടുപോകാൻ കഴിഞ്ഞില്ലെന്നുള്ളതിന്റെ ഏറ്റവും വലിയൊരു തെളിവാണ് അടിയന്തരാവസ്ഥയുടെ 40-ാം വർഷികം ആചരിക്കുന്ന ഈ സന്ദർഭത്തിൽ നാം ചിന്തിക്കേണ്ടത്. അടിയന്തരാവസ്ഥയുടെ മറവിൽ പാവപ്പെട്ട ആളുകളെ ലോക്കപ്പിൽക്കൊണ്ടുപോയി മർദ്ദിച്ചുകൊന്നാൽ ഒന്നും സംഭവിക്കില്ലായെന്ന് പറഞ്ഞിരുന്ന ഭരണാധികാരികൾക്കെല്ലാം പിന്നീട് എന്താണ് സംഭവിച്ചതെന്ന് കേരളം കണ്ടതാണ്. അതുതന്നെ ഈ ഗവൺമെന്റിനും സംഭവിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അരുവിക്കരയിൽ ജയിപ്പിച്ചതിനുള്ള സമ്മാനമായിട്ടാണ് നിങ്ങൾ സിബിയുടെ ജീവൻ ബലിയർപ്പിച്ചിരിക്കുന്നതെന്ന് ഈ സന്ദർഭത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ പാവപ്പെട്ട ആളുകളെ സംരക്ഷിക്കുമെന്ന് എപ്പോഴും പറയുന്ന ആളാണ് കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രി. പോലീസ് സ്റ്റേഷനിൽ

പട്ടികജാതിക്കാർക്ക് പ്രത്യേക പരിഗണന നൽകുമെന്ന് ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല 2014 ഡിസംബർ 6-ന് പാലക്കാട് വച്ച് ഒരു പ്രസ്താവന നടത്തുകയുണ്ടായി. ഇങ്ങനെ പറഞ്ഞ് ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ പട്ടികജാതിക്കാർക്ക് പോലീസ് സ്റ്റേഷനിൽ കിട്ടിയ പരിഗണനയാണ് സിബി എന്ന ചെറുപ്പക്കാരനെ ക്രൂരമായി മർദ്ദിച്ചുകൊന്നത് എന്നുകൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. ഇതാണോ കേരളത്തിലെ പട്ടികജാതിക്കാർക്കുള്ള പരിഗണന? അവർക്ക് പരിഗണനയല്ല കൊടുക്കുന്നത്, അവരെ ക്രൂരമായി തല്ലിക്കൊല്ലുന്ന ആളുകൾക്ക് സംരക്ഷണമാണ് കൊടുക്കുന്നത്. അവരെ സംരക്ഷിക്കുന്ന നിലപാടിൽനിന്ന് ഗവൺമെന്റ് പിന്നോട്ടുപോകാനും, പാവപ്പെട്ട ചെറുപ്പക്കാരനെ തല്ലിക്കൊന്ന എസ്.ഐ. ജോർജ്ജുകുട്ടി അടക്കമുള്ള ആളുകൾക്കെതിരെ കൊലക്കുറ്റത്തിന് കേസ്സെടുത്ത് അവരെ ശിക്ഷിക്കാനുമുള്ള നടപടി സ്വീകരിക്കണം. അതോടൊപ്പം പോലീസ് സ്റ്റേഷനിൽവച്ച് രക്ഷകർത്താക്കളെക്കൊണ്ട് മലം വാരിക്കുകയും അവിടെ വൃത്തിയാക്കിക്കുകയും ചെയ്ത പോലീസിനെതിരായി Scheduled Caste and Scheduled Tribe (Prevention of Atrocities Act) പ്രകാരം കേസെടുക്കാനും ഈ കുടുംബത്തിന് മതിയായ നഷ്ടപരിഹാരവും സംരക്ഷണവും കൊടുക്കാനും മേലിൽ ഇത്തരം സംഭവങ്ങൾ കേരളത്തിൽ ആവർത്തിക്കില്ലായെന്ന് ഉറപ്പുവരുത്താനും

പോലീസിന്റെമേൽ കർശന നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഈ സംഭവത്തിനെതിരെ നമ്മുടെ നാട്ടിൽ വലിയ പ്രക്ഷോഭം ഉയർന്നുവരികയാണ്. കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാ ആളുകളും ചേർന്ന് ഇന്ന് കോട്ടയം ജില്ലയിൽ ഹർത്താലാചരിക്കുകയാണ്. നമ്മുടെ നാട് ഗുരുതരമായ അവസ്ഥയിലേയ്ക്ക്, ദുരിതത്തിലേയ്ക്ക് നീങ്ങുന്നുവെന്ന് മനസിലാക്കി എത്രയും പെട്ടെന്ന് കുറ്റവാളിക്ക് കടുത്ത ശിക്ഷ കിട്ടുന്ന രീതിയിൽ...... കൊലക്കുറ്റത്തിന് കേസെടുത്ത് മാതൃകാപരമായി അവരെ ശിക്ഷിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ അടിയന്തരപ്രമേയത്തിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇത്രയും ഗുരുതരമായ കാര്യങ്ങൾ സഭാനടപടികൾ നിർത്തിവച്ച്... നമ്മുടെ നാട്ടിലെ പാവപ്പെട്ടവരുടെ ജീവന് യാതൊരു വിലയുമില്ലാതാക്കുന്ന പോലീസിന്റെയും ഗുണ്ടകളുടേയും നയത്തിനെതിരെയുള്ള നടപടികളാണ് നമ്മുടെ സഭയിൽ ചർച്ച ചെയ്യപ്പെടേണ്ടത്. പാവപ്പെട്ടവന് സംരക്ഷണം കൊടുക്കാനുള്ള വേദിയായി നിയമസഭ മാറണമെങ്കിൽ സഭാനടപടികൾ നിർത്തിവച്ച് ഈ പ്രശ്നം ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. മോൻസ് ജോസഫ്:</u> സർ, വളരെ നിർഭാഗ്യകരമായ ഒരു സംഭവമാണ് മരങ്ങാട്ടുപിള്ളി പോലീസ് സ്റ്റേഷനിലുണ്ടായത്. ഇവിടെ ബഹുമാനപ്പെട്ട കെ.

രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ചതുപോലെ വളരെ പാവപ്പെട്ട കുടുംബത്തിലെ അംഗമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പാറയ്ക്കൽ വിശ്വംഭരൻ-ലീല ദമ്പതികളുടെ ഏക മകനാണ് പോലീസിന്റെ മർദ്ദനത്തെത്തുടർന്ന് മരിക്കുവാനിടയായത്. സ്റ്റേഷനിൽ കസ്റ്റഡിയിൽ എടുക്കുന്നതിന് മുമ്പ് എന്തൊക്കെയാണ് നടന്നിട്ടുള്ളത് എന്ന് ഗവൺമെന്റിന് പരിശോധിക്കാം, അന്വേഷിക്കാം. പോലീസ് സ്റ്റേഷനിൽ കൊണ്ടുവന്നതിനുശേഷം പോലീസ് ഗുരുതരമായ വീഴ്ച വരുത്തുകയും അനാസ്ഥ കാണിച്ചുവെന്നുമാണ് സംഭവങ്ങൾ പരിശോധിക്കുന്ന ആർക്കും മനസ്സിലാക്കാൻ കഴിയുന്നത്. അയാൾക്ക് വൈദ്യപരിശോധന നടത്തുകയോ സമയത്ത് ചികിൽസ കൊടുക്കുകയോ ചെയ്യാമായിരുന്നു. ഏത് സാഹചര്യത്തിലായാലും തലയിൽ മുറിവേറ്റ ആളെ ആശുപത്രിയിൽ സമയത്തിന് എത്തിച്ച് ചികിൽസ കൊടുക്കുന്നതടക്കമുള്ള കാര്യങ്ങൾ ചെയ്യാമായിരുന്നു. ഒരു മനുഷ്യാവകാശത്തിന്റെ പരിഗണനപോലും കൊടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി എന്നുള്ളത് സമൂഹം മുഴുവൻ കണക്കാക്കുകയാണ്. ഇത് വളരെ ഗൗരവമായിത്തന്നെ കാണേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ മരങ്ങാട്ടുപിള്ളിയിലെ ജനങ്ങൾ രാഷ്ട്രീയത്തിനതീതമായി ഒരേ നിലപാട് സ്വീകരിക്കുന്നുവെന്നുള്ളത് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സിബിയെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തതിന്

പിറ്റേദിവസം തന്നെ മെഡിക്കൽ കോളേജിൽ പോയി സിബിയെ സന്ദർശിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ആഭ്യന്തര വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി എന്നിവരോട് അവിടുള്ള സാഹചര്യം ശ്രദ്ധയിൽപ്പെടുത്തുകയും ആവശ്യമായ ചികിൽസ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുകയുമുണ്ടായി. പക്ഷേ ശസ്ത്രക്രിയ ചെയ്ത് ജീവൻ രക്ഷിക്കാൻ കഴിയാത്തവിധത്തിൽ സിബി എത്തിച്ചേർന്നു. അബോധാവസ്ഥയിൽ സിബി വെന്റിലേറ്ററിൽ കിടക്കുകയാണ്. പിന്നീട് ഏതാനും ദിവസങ്ങൾക്കുശേഷം സിബി മരിക്കുകയുണ്ടായി. ഈ ഒരു സാഹചര്യത്തിൽ ഇക്കാര്യത്തിൽ സമഗ്രമായ ഒരന്വേഷണം നടത്തുവാനും കുറ്റക്കാരായ പോലീസുദ്യോഗസ്ഥരുടെ പേരിൽ കർശനമായ നടപടികൾ സ്വീകരിക്കുവാനും കഴിയുന്നവിധത്തിൽ ആവശ്യമായ .... (ബഹളം)..... സ്റ്റേഷനിൽ മാതാപിതാക്കൾ..... അമ്മ രോഗിയാണ്. അമ്മ കാൻസർ പേഷ്യന്റാണ്. അമ്മ ഓപ്പറേഷന് വിധേയയാകാൻ പോകുകയാണ്. .... (ബഹളം).....ഞാൻ പറയട്ടെ... അച്ഛനും അമ്മയും സ്റ്റേഷനിൽ എത്തിയെന്നുള്ളത് ശരിയാണ്. അതിനുശേഷം അവരുടെ നേരെ ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചുവെന്ന് പറയുന്നത്, പ്രാകൃതമായ നിലപാട് സ്വീകരിച്ചുവെന്നുള്ളത് കാണാൻ കഴിയും. ഇക്കാര്യങ്ങൾ ഗൗരവമായി പരിശോധിക്കണം. ഇന്നലെയും

രാഷ്ട്രീയത്തിനതീതമായി പ്രാദേശിക ജനപ്രതിനിധികൾ എന്നനിലയിൽ ശ്രീ. ജോസ്.കെ.മാണി, എം.പി., എം.എൽ.എ.മാരായ ശ്രീ. കെ. സുരേഷ് കുറുപ്പ്, ശ്രീ. കെ. അജിത് എന്നിവരുൾപ്പെടെ യു.ഡി.എഫ്.-എൽ.ഡി.എഫ്. വ്യത്യാസമില്ലാതെ എല്ലാ പാർട്ടിനേതാക്കന്മാരും അവിടെ പങ്കെടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരേ നിലപാടിൽ നിൽക്കുകയാണ്. ....(ബഹളം)..... ഇക്കാര്യത്തിൽ ഇതിന്റെ ഗൗരവം കണക്കിലെടുത്ത് സമഗ്രമായ അന്വേഷണം നടത്തണം.

<u>മി. സ്പീക്കർ</u>: യെസ്...പ്ലീസ് കൺക്ലൂഡ്.....

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഒറ്റക്കാര്യം കൂടി പറയാം. ഇത് വളരെ പാവപ്പെട്ട കുടുംബമാണ്. ആ കുടുംബത്തെ സംരക്ഷിക്കുവാനും സഹായിക്കുവാനും കഴിയുന്നവിധത്തിൽ നീതിപൂർവ്വമായ സഹായങ്ങൾ, ആ കുടുംബത്തിന് ചെയ്തുകൊടുക്കാൻ കഴിയുന്നവിധത്തിലുള്ള നടപടികൾ കൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

<u>മി. സ്പീക്കർ:</u> മറുപടി പറയട്ടെ..........(ബഹളം)....... യെസ്...യെസ്...പ്ലീസ്... ഇവിടെ പറഞ്ഞതിന് മറുപടി പറയട്ടെ. ശ്രീ. കെ. അജിത്........പറയട്ടെ. അടിയന്തരപ്രമേയത്തിന് രണ്ടുപേർ സംസാരിക്കുന്ന ഒരു കീഴ്‌വഴക്കം നമ്മുടെ

സഭയിലില്ല. ശ്രീ. മോൻസ് ജോസഫിനെ അനുവദിച്ചത് അദ്ദേഹത്തിന്റെ നിയോജകമണ്ഡലമായതുകൊണ്ടും അടിയന്തരപ്രമേയം ....(ബഹളം)...... ചെയർ പറയുന്നത് കേൾക്കണം. പട്ടികജാതിയിൽപ്പെട്ട അംഗം തന്നെയാണ് ഇവിടെ അവതരിപ്പിച്ചതും. ....(ബഹളം)...... ചെയർ പറയുന്നത് കേൾക്കണേ; ശ്രീ. വി. എസ്. സുനിൽകുമാർ .....അങ്ങേയ്ക്ക് പ്രത്യേക അധികാരമൊന്നുമില്ല. ചെയർ പറയുന്നത് കേൾക്കണം. യെസ്...യെസ്....ബഹുമാനപ്പെട്ട സി. ദിവാകരൻ...ചെയർ പറയുന്നത് കേൾക്കണം. അങ്ങ് ഇരിക്കൂ... പ്ലീസ്...പ്ലീസ്...അങ്ങ് സീനിയർ നേതാവാണ്. ഇവിടെ അടിയന്തരപ്രമേയത്തിന് രണ്ടുപേർ ഒരു ഭാഗത്തുനിന്ന് സംസാരിക്കുന്ന ഒരു കീഴ്വഴക്കമില്ല. ബഹുമാനപ്പെട്ട മോൻസ് ജോസഫ് ഈ സംഭവം നടന്നപ്പോൾ ശനിയാഴ്ച വൈകുന്നേരം തന്നെ വിളിച്ച് സബ്മിഷന് നോട്ടീസ് നൽകി. അടിയന്തരപ്രമേയമായി ഇന്നാണ് സഭയിൽ വന്നത്. അദ്ദേഹത്തിന് ഇന്ന് സബ്മിഷനായി അനുവദിച്ചതാണ് ഈ വിഷയം. പക്ഷേ അടിയന്തരപ്രമേയമായി ഈ വിഷയം വന്നപ്പോൾ അദ്ദേഹത്തിന്റെ സബ്മിഷൻ മാറ്റി. അദ്ദേഹം സ്ഥലം എം.എൽ.എ. ആണ്. സ്ഥലം എം.എൽ.എ. എന്ന നിലയിലാണ് അദ്ദേഹത്തിന് ഇന്ന് സ്പെഷ്യലായി സംസാരിക്കാൻ അനുവദിച്ചത്. അല്ലാതെ ശ്രീ. കെ. അജിത്തിന് ഇവിടെ സംസാരിക്കാൻ പറ്റില്ല.

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, അദ്ദേഹം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എം.എൽ.എ. ആണ്.

മി. സ്പീക്കർ: .....(ബഹളം).........പട്ടികജാതി വിഭാഗത്തിൽപ്പെട്ട എം.എൽ.എ. ആണ് ഈ വിഷയം ഇവിടെ അവതരിപ്പിച്ചത്. അങ്ങനെ ഒരു കീഴ്വഴക്കം ഇവിടെ ഇല്ല. അനുവദിക്കാൻ പറ്റില്ല.

ശ്രീ. സി. ദിവാകരൻ: സർ, അടിയന്തരപ്രമേയം ഇവിടെ അവതരിപ്പിച്ച ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള കാര്യങ്ങൾ ശ്രീ. മോൻസ് ജോസഫ് പറഞ്ഞു. ഇനി എന്താണ് ആഭ്യന്തരവകുപ്പുമന്ത്രിക്ക് പറയാനുള്ളത്?

മി. സ്പീക്കർ: ബഹുമാനപ്പെട്ട സി. ദിവാകരൻ, ശ്രീ. മോൻസ് ജോസഫ് ഒരു നിയമസഭാംഗം മാത്രമാണ്. മറുപടി പറയേണ്ടത് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, മരങ്ങാട്ടുപിള്ളി പോലീസ് സ്റ്റേഷനിലുണ്ടായ സംഭവം ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടിയാണ് കാണുന്നത്. പ്രത്യേകിച്ച് ഒരു പട്ടികജാതി ദളിത് വിഭാഗത്തിൽപ്പെട്ട ഒരു യുവാവിന് ഉണ്ടായ ഈ സംഭവം ഗവൺമെന്റ് അതീവ ദു:ഖത്തോടുകൂടിയാണ് വീക്ഷിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് പട്ടികജാതി-

പട്ടികവർഗ്ഗ വിഭാഗങ്ങളോട് പ്രത്യേക പരിഗണന കാണിക്കണമെന്ന് നിർബന്ധമുള്ള ഗവൺമെന്റാണിത്. അതിനനുസരിച്ചുള്ള നടപടികളാണ് ഗവൺമെന്റ് കൈക്കൊണ്ടിരിക്കുന്നത്. ദളിത് വിഭാഗത്തിൽപ്പെട്ട ആളുകൾ പോലീസ് സ്റ്റേഷനിൽ വന്നാൽ അവർക്ക് എന്തെല്ലാം കാര്യങ്ങൾ ചെയ്തുകൊടുക്കണമെന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് പ്രത്യേകമായ സർക്കുലർ നൽകിയിട്ടുണ്ട്.......(ബഹളം)......

<u>മി. സ്പീക്കർ:</u> പ്ലീസ്...പ്ലീസ്...

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, നടന്ന സംഭവവികാസങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മുൻ സ്പീക്കർ കെ. രാധാകൃഷ്ണൻ ഇവിടെ വിശദമായി പറഞ്ഞു. ലോക്കപ്പ് മർദ്ദനങ്ങളും ലോക്കപ്പ് കൊലപാതകങ്ങളും ഒരു കാരണവശാലും ഉണ്ടാകരുത് എന്നുള്ള നിർബന്ധബുദ്ധി ഈ ഗവൺമെന്റിനുണ്ട്. സിബി ആശുപത്രിയിലായ ദിവസം തന്നെ ഞാൻ കോട്ടയം എസ്.പി.യുമായി ബന്ധപ്പെട്ടു. കഴിഞ്ഞ പന്ത്രണ്ടുദിവസവും നിരന്തരമായി രോഗിയുടെ ആരോഗ്യനിലയെ സംബന്ധിച്ചും വിദഗ്ദ്ധ ചികിൽസ നൽകുന്നതിനെ സംബന്ധിച്ചും ആഭ്യന്തരവകുപ്പുമന്ത്രി എന്നുള്ള നിലയിൽ ജില്ലാ പോലീസുമായി നിരന്തരമായ സമ്പർക്കത്തിലായിരുന്നു. ...........(ബഹളം).........ഞാൻ പറയട്ടെ....

മി. സ്പീക്കർ: യെസ്...പ്ലീസ്...പ്ലീസ്...ശ്രീ. റ്റി.വി. രാജേഷ്, ദയവായി അങ്ങ് ഇരിക്കണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, വിദഗ്ദ്ധ ചികിൽസ നൽകാനുള്ള സംവിധാനങ്ങൾ അവിടെ ഏർപ്പെടുത്തുകയുണ്ടായി. ദൗർഭാഗ്യവശാൽ സിബി മരണപ്പെടുകയാണുണ്ടായത്. ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ. എന്നെ ഫോണിൽ വിളിച്ച് ഇക്കാര്യം പറഞ്ഞിരുന്നു. ശ്രീ. കെ. സുരേഷ് കുറുപ്പ്, എം.എൽ.എ.-യും കാര്യങ്ങൾ എന്നെ അറിയിച്ചിരുന്നു. ഇതിനകത്ത് ഗവൺമെന്റിന് ആരെയും സംരക്ഷിക്കേണ്ട ആവശ്യമില്ല. ഞാൻ പറയട്ടെ.....ശ്രീ. എ.കെ. ബാലൻ, റണ്ണിംഗ് കമന്ററി വേണ്ട. അങ്ങും മന്ത്രിയായിരുന്ന ആളല്ലേ; ഞാനൊന്നു പറഞ്ഞോട്ടെ..

മി. സ്പീക്കർ: ബഹുമാനപ്പെട്ട എ.കെ. ബാലൻ, എപ്പോഴും ഇങ്ങനെ സഭയിൽ സംസാരിച്ചുകൊണ്ടിരിക്കണമെന്നില്ല. അങ്ങ് ആ സീറ്റിലിരുന്നുകൊണ്ട് എപ്പോഴും സംസാരിച്ചുകൊണ്ടിരിക്കുകയാണ്. അത് ശരിയല്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇക്കാര്യത്തിൽ പോലീസിന് വീഴ്ച സംഭവിച്ചിട്ടുണ്ടെന്നുള്ളത് ഞാൻ നേരത്തേ തന്നെ പറഞ്ഞ കാര്യമാണ്. ഒരു പ്രതിയെ അല്ലെങ്കിൽ ഒരു വ്യക്തിയെ പോലീസ് അറസ്റ്റ് ചെയ്യുമ്പോൾ

സ്വീകരിക്കേണ്ട ചില മാനദണ്ഡങ്ങളുണ്ട്. നാഷണൽ ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അക്കാര്യങ്ങൾ ഇവിടെ പാലിച്ചിട്ടില്ല എന്നുള്ളതുകൊണ്ടുതന്നെയാണ് വിവരമറിഞ്ഞ് വിശദമായ പരിശോധനയ്ക്കുശേഷം സ്ഥലം എസ്.ഐ-യെ സസ്പെന്റ് ചെയ്തിട്ടുള്ളത്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: പോലീസ്സ്റ്റേഷനിൽ ചെയ്യേണ്ട പ്രാഥമികമായ മാർഗ്ഗനിർദ്ദേശങ്ങൾ ചെയ്തില്ല എന്നുള്ളതുമാത്രമാണോ അയാളുടെ പേരിലുള്ള കുറ്റം?

ശ്രീ. രമേശ് ചെന്നിത്തല: പ്രാഥമികമായ അന്വേഷണം നടത്തിയപ്പോൾ.. ഒരു പ്രതിയെ കസ്റ്റഡിയിലെടുക്കുമ്പോൾ അയാളെ വൈദ്യപരിശോധന നടത്തണം, അതിന് നിരവധിയായ മാനദണ്ഡങ്ങളുണ്ട്. ആ മാനദണ്ഡങ്ങൾ പാലിക്കാത്തതിന്റെയടിസ്ഥാനത്തിൽ എസ്.പി. കൊച്ചി റെയഞ്ച് ഐ.ജി.-ക്ക് റിപ്പോർട്ട് കൊടുത്ത് റെയ്ഞ്ച് ഐ.ജി. എസ്.ഐ.-യെ സസ്പെന്റ് ചെയ്യുകയാണുണ്ടായത്. അതോടൊപ്പം തന്നെ ഈ കേസ്സിൽ ബഹുമാനപ്പെട്ട മെമ്പർ കെ. രാധാകൃഷ്ണൻ പറഞ്ഞു....................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കസ്റ്റഡിയിൽവച്ച് മർദ്ദനം നടത്തിയ പോലീസ് ഓഫീസറാണ് ഈ കൊലപാതകത്തിന് ഉത്തരവാദി. എന്തുകൊണ്ടാണ് കൊലപാതകം നടത്തിയ ആ ഓഫീസർക്കെതിരെ കൊലപാതകക്കുറ്റം ചുമത്തി

കേസെടുക്കാത്തത്; ഈ സമയമായിട്ടും എന്തുകൊണ്ട് ആ എസ്.ഐ. യെ അറസ്റ്റുചെയ്തില്ല; അറസ്റ്റ് ചെയ്ത് ജയിലിലിലടയ്ക്കേണ്ട കൊലപാതകം ചെയ്ത ഒരാളെ ഇപ്പോഴും സസ്പെന്റ് ചെയ്ത് സംരക്ഷിക്കുകയാണോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അങ്ങയുടെ കാലത്ത് 13 കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുണ്ട്. അങ്ങ് ഇതൊന്നും ചെയ്തിട്ടില്ല. അങ്ങ് ചെയ്ത നടപടിയേ ഞാനും ചെയ്യുന്നുള്ളൂ. ആളുകളെ അങ്ങ് തെറ്റിദ്ധരിപ്പിക്കരുത്. മറ്റുള്ളവർക്ക് എന്തും പറയാം, അങ്ങ് പറയരുത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അന്ന് നിങ്ങളിവിടെ കുത്തിയിരിക്കുന്നുണ്ടായിരുന്നല്ലോ; എന്തുകൊണ്ട് പറഞ്ഞില്ല?

ശ്രീ. രമേശ് ചെന്നിത്തല: അത് വേറൊരു കാര്യം. വളരെ വിഷമമുള്ള കാര്യമാണ്. രാഷ്ട്രീയം പറഞ്ഞതുകൊണ്ട് പറയുകയാണ്. ഞാൻ പറയാൻ ആഗ്രഹിച്ചിരുന്നതല്ല. ഒരു പട്ടികജാതി യുവാവിന്റെ മരണം ഉണ്ടായ സംഭവത്തിൽ ഞാൻ രാഷ്ട്രീയം കാണുന്നില്ല. ഞാൻ ഇതിനെ രാഷ്ട്രീയവൽക്കരിക്കുന്നില്ല. പക്ഷെ അങ്ങ് പറഞ്ഞപ്പോൾ ഞാൻ മറുപടി പറയണം. അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ 13 കസ്റ്റഡി മരണങ്ങൾ ഉണ്ടായി. കാട്ടാക്കട

പോലീസ് സ്റ്റേഷനിൽ ഒരു പട്ടികജാതി യുവാവ് മരിച്ചു. അങ്ങ് എടുത്ത നടപടിയേ ഈ കാര്യത്തിൽ ഞാനും സ്വീകരിക്കുന്നുള്ളൂ. അതിന് പോലീസിന് വ്യവസ്ഥാപിതമായ ചില നടപടികളുണ്ട്. അത് മാത്രമേ സ്വീകരിക്കൂ. പക്ഷെ ഞാൻ പോലീസിനെ ന്യായീകരിക്കുന്നില്ല. ഒരു പ്രതിയെ പോലീസ് കസ്റ്റഡിയിലെടുത്താൽ സ്വീകരിക്കേണ്ട കാര്യങ്ങളൊന്നും ഇവിടെ ചെയ്തിട്ടില്ല. അതുകൊണ്ടുതന്നെയാണ് ഇമ്മീഡിയറ്റ് സസ്പെൻഷൻ ഉണ്ടായത്. അന്വേഷണം നടക്കുന്നുണ്ട്. കേസെടുത്തില്ലെന്ന് ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ പറയുകയുണ്ടായി. അദ്ദേഹത്തിന് വിവരങ്ങൾ കിട്ടാത്തതു കൊണ്ടാകാം. 29-ാം തീയതി ഏഴ് മണിയോടുകൂടിയാണ് ഈ സംഭവം ഉണ്ടാകുന്നത്. അന്നുതന്നെ ശ്രീ. അമലിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ ഐ.പി.സി. 323, 324, 294(ബി), 349 വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 530/2015 ആയി കേസ്സെടുത്തു. സിബിയുടെ സുഹൃത്തിന്റെ മൊഴി പ്രകാരം രണ്ടുപേരുടെ പേരിലും കേസെടുത്തു. ഐ.പി.സി. 341, 323, 304 വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 531/2015 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്തു. ഒരു സംഭവം ഉണ്ടായപ്പോൾ അതിന്റെ പേരിൽ കേസ്സെടുത്തില്ലെന്ന് മുൻ സ്പീക്കർ ഇവിടെ പറഞ്ഞത് ശരിയായില്ലെന്നാണ് ഞാൻ പറഞ്ഞത്. രണ്ടുപേരുടെയും പേരിൽ കേസ് എടുത്തിട്ടുണ്ട്. അതുപോലെതന്നെ ഈ സംഭവം

ഉണ്ടായപ്പോൾ നിരന്തരമായി പോലീസ് ഉദ്യോഗസ്ഥന്മാരുമായി ബന്ധപ്പെടുകയുണ്ടായി. അവിടുത്തെ പോലീസ് സബ് ഇൻസ്പെക്ടറും ഉദ്യോഗസ്ഥന്മാരും ചെയ്ത നടപടി ശരിയല്ല എന്നുള്ള നിലപാട് തന്നെയാണ് ഗവൺമെന്റിനുള്ളത്. അതുകൊണ്ടാണ് ക്രൈംബ്രാഞ്ച് അന്വേഷണത്തിന് വിട്ടത്. ബഹുമാനപ്പെട്ട മുൻ സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണൻ ആവശ്യപ്പെടാത്ത കാര്യങ്ങൾകൂടി ഞാൻ ഇവിടെ പ്രഖ്യാപിക്കുകയാണ്. ഈ സംഭവത്തെപ്പറ്റി ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ ഗവൺമെന്റ് തീരുമാനിക്കുകയാണ്. അതുപോലെതന്നെ ആ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽനിന്നും ധനസഹായം കൊടുക്കാൻ തീരുമാനിക്കുകയാണ്. ഈ ഗവൺമെന്റിന് ആരെയും സംരക്ഷിക്കേണ്ട കാര്യമില്ല. ഒരു കാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ സംസ്ഥാനത്ത് പോലീസ് സ്റ്റേഷനിൽ ചെല്ലുന്നവരോട് മാന്യവും മര്യാദയുമായി പെരുമാറുന്നില്ലായെങ്കിൽ അത്തരം പോലീസ് ഉദ്യോഗസ്ഥന്മാർക്കെതിരെ മുഖം നോക്കാതെ കർശനമായ നടപടി സ്വീകരിക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഗവൺമെന്റിന് ഒന്നും മറച്ചുവയ്ക്കാനില്ല. തെറ്റ് ചെയ്യുന്ന ഒരു പോലീസ് ഉദ്യോഗസ്ഥനെയും സംരക്ഷിക്കാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കുകയാണ്.

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> അങ്ങ് ഇവിടെ ജൂഡീഷ്യൽ അന്വേഷണം പറഞ്ഞു. ഞാൻ നേരത്തെ അത് ആവശ്യപ്പെട്ടതാണ്. അതു മാത്രമല്ല, രക്ഷകർത്താക്കളെക്കൊണ്ട് മലം കോരിച്ചതിനെ സംബന്ധിച്ച്, കോരിച്ചവരുടെ പേരിൽ കേസ്സെടുക്കാൻ തയ്യാറാകുമോയെന്ന് ചോദിച്ചു. അതിനെക്കുറിച്ച് ഒന്നും പറഞ്ഞില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, Prevention of Atrocities Act അനുസരിച്ച് കേസ്സെടുക്കുന്ന കാര്യത്തെക്കുറിച്ച് പെട്ടെന്ന് മറുപടി പറയാൻ കഴിയില്ല, അക്കാര്യം പരിശോധിക്കാം. അങ്ങ് അന്വേഷണമാണ് ആവശ്യപ്പെട്ടത്. ക്രൈംബ്രാഞ്ച് അന്വേഷണം നടക്കുന്നുണ്ട്. പക്ഷെ ഞാൻ ഒരു പടികൂടി മുന്നിൽനിന്ന് ജൂഡീഷ്യൽ അന്വേഷണം പറയുന്നു. ഒരു കാരണവശാലും ഒരു പോലീസ് സ്റ്റേഷനും കൊലയറയാക്കാൻ അനുവദിക്കുന്ന പ്രശ്നമില്ല. ഗവൺമെന്റിന് ഒന്നും മറച്ചുവയ്ക്കാനില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, കസ്റ്റഡി മരണത്തെക്കുറിച്ച് ചീഫ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് അന്വേഷിക്കണമെന്ന് നിയമത്തിൽ വ്യവസ്ഥയുണ്ട്. അതാണോ അങ്ങ് ഉദ്ദേശിക്കുന്ന ജൂഡീഷ്യൽ അന്വേഷണം; അതോ ഒരു ജൂഡീഷ്യൽ ഓഫീസറെ വച്ച് പ്രത്യേകം അന്വേഷിക്കാനാണോ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. രമേശ് ചെന്നിത്തല:</u> അത് എങ്ങനെ വേണമെന്ന് അങ്ങുമായി

ആലോചിച്ച് നമുക്ക് തീരുമാനിക്കാം. ഞങ്ങൾക്ക് ഒരു പ്രശ്നവുമില്ല. ഇതിനകത്ത് ഗവൺമെന്റിന് ഒന്നും ആലോചിക്കാനില്ല. ഗവൺമെന്റിന് ഒന്നും മറച്ചുവയ്ക്കാനില്ല. കഴിഞ്ഞ കാലത്ത് നിങ്ങൾ ചെയ്യാത്ത ഒരു കാര്യമാണ് ആഭ്യന്തര വകുപ്പുമന്ത്രിയെന്ന നിലയിൽ ചെയ്യാൻ ഞാൻ തയ്യാറാകുന്നത്. നിങ്ങൾ അതിനെ അപ്രീഷിയേറ്റ് ചെയ്യണം. പ്രതിപക്ഷ ഉപനേതാവുമായി ആലോചിച്ച് ഏത് തരത്തിലുള്ള ജൂഡീഷ്യൽ അന്വേഷണം വേണമെന്ന് തീരുമാനിക്കാം. ഏതൊരു പട്ടികജാതി യുവാവിനും ഏതൊരു സാധാരണക്കാരനും പോലീസ് സ്റ്റേഷനിൽ ചെന്നാൽ നീതി കിട്ടണമെന്നുതന്നെയാണ് ഈ സർക്കാരിന്റെ ആഗ്രഹം. ആഭ്യന്തര വകുപ്പുമന്ത്രിയെന്ന നിലയിൽ അത് ഉറപ്പാക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. അക്കാര്യത്തിൽ യാതൊരു വ്യത്യാസവും ഉണ്ടാകുകയില്ല.

ശ്രീ. എ. കെ. ബാലൻ: എസ്.സി./എസ്.ടി. അട്രൊസിറ്റീസ് ആക്ട് പ്രകാരം ഈ പോലീസ് ഉദ്യോഗസ്ഥന്റെ പേരിൽ കൊലപാതകത്തിന് കേസ്സെടുക്കുന്നതിന് താങ്കൾക്ക് എന്തെങ്കിലും നിയമപരമായ തടസ്സമുണ്ടോ; അതൊന്ന് വ്യക്തമാക്കാമോ?

ശ്രീ. രമേശ് ചെന്നിത്തല: ജൂഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ കാര്യങ്ങളെല്ലാം ഇതിനകത്ത് വരുന്നതാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്ത് സ്വീകരിച്ച

സമീപനങ്ങൾ തന്നെയാണ് ഞാനും സ്വീകരിച്ചിട്ടുള്ളത്. മാത്രമല്ല, ഇവിടെ ഒരു ക്രൈംബ്രാഞ്ച് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ആ അന്വേഷണത്തിൽ അട്രോസിറ്റീസ് ആക്ട് ഉൾപ്പെടെയുള്ള കാര്യങ്ങൾ സ്വാഭാവികമായും വരും. സി.ബി.സി.ഐ.ഡി. അന്വേഷണം നടക്കുമ്പോൾ അട്രോസിറ്റീസ് ആക്ട് അട്രാക്ട് ചെയ്യുന്നുണ്ടോയെന്നുള്ള കാര്യംകൂടി പരിശോധിക്കും. ആ കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

ശ്രീ. എസ്. ശർമ്മ: കേസ്സെടുത്തതിനെ സംബന്ധിച്ച് അങ്ങ് ഇവിടെ വായിച്ച രണ്ട് ഭാഗങ്ങളിലെ സംശയത്തിന് വ്യക്തത വരുത്താൻ വേണ്ടിയാണ് ഞാൻ ചോദിക്കുന്നത്. ശ്രീ. അമലിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്തുവെന്നാണ് പറഞ്ഞിരിക്കുന്നത്. ശ്രീ. അമലിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ ആർക്കെതിരെയാണ് കേസ് രജിസ്റ്റർ ചെയ്തത്?

ശ്രീ. രമേശ് ചെന്നിത്തല: സർ, ആദ്യം ഈ അടിപിടി സംഭവം ഉണ്ടായപ്പോൾ ശ്രീ. അമൽ ഒരു പെറ്റീഷൻ കൊടുത്തതിന്റെ അടിസ്ഥാനത്തിൽ കേസ് എടുത്തിട്ടുണ്ട്. അതോടൊപ്പംതന്നെ സിബിയുടെ സുഹൃത്തിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ അമലിന്റെ പേരിലും കേസ്സെടുത്തിട്ടുണ്ട്. മരണമുണ്ടായതിനുശേഷം കൊലപാതകക്കുറ്റത്തിന് കേസ്സെടുത്തു.

ശ്രീ. കെ. അജിത്: സർ, ജോർജ്ജ്കുട്ടിയെന്ന എസ്.ഐ.-യ്ക്കെതിരെ കേസ്സെടുക്കണം. അതാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. അമൽ പട്ടികവർഗ്ഗത്തിൽപ്പെടുന്ന 16 വയസ്സുള്ള ഒരു പയ്യനാണ്. ഈ കേസ്സെടുക്കുന്നത് ഏറ്റവും അവസാന ഘട്ടത്തിലാണ്. പോലീസ് മന:പൂർവ്വം ആ പട്ടികവർഗ്ഗ വിദ്യാർത്ഥിയുടെ പേരിൽ കേസ് കെട്ടിച്ചമച്ചുവയ്ക്കുകയാണ്. അതാണ് ഞങ്ങൾ ഇവിടെ ഉന്നയിക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: ശ്രീ. കെ. അജിത്, വാദിക്കും പ്രതിക്കും വേണ്ടി വാദിക്കരുത്, രണ്ടുപേർക്കുംവേണ്ടി വാദിക്കരുത്. .....(ബഹളം)..... അത് ശരിയല്ല. അത് വളരെ മോശമായിപ്പോയി. .....(ബഹളം).....

മി. സ്പീക്കർ: യേസ്...... പ്ലീസ്........

ശ്രീ. രമേശ് ചെന്നിത്തല: ഞാൻ ശ്രീ. കെ. അജിത്തിന്റെ ഭാഗത്തുനിന്നും അത് പ്രതീക്ഷിച്ചില്ല. വളരെ മോശമായിപ്പോയി. ശ്രീ. കെ. അജിത് അത് ചെയ്യാൻ പാടില്ലായിരുന്നു. രണ്ടുപേരുടെയും വക്കാലത്ത് ഏൽക്കരുത്. അത് തെറ്റായിപ്പോയി. ....... (ബഹളം)......... വാദിക്കും പ്രതിക്കും വേണ്ടി വാദിക്കുന്നത് ശരിയല്ല. ...... (ബഹളം)......

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, ശ്രീ. കെ.

അജിത് ഒരു പ്രശ്നം ഉന്നയിച്ചു. ആ പ്രശ്നം യഥാർത്ഥത്തിൽ അവിടെ ഒരു പട്ടികജാതിക്കാരൻ കൊലചെയ്യപ്പെട്ടു. ആ കൊലയ്ക്ക് നേതൃത്വം കൊടുത്തത് വേറൊരു പട്ടിക വർഗ്ഗക്കാരനാണെന്നാണ് ഗവൺമെന്റിന്റെ ഭാഷ്യമെന്നാണ് ഇപ്പോൾ തെളിഞ്ഞു വരുന്നത്. അങ്ങയെപ്പോലൊരാൾ ഒരു മെമ്പറുടെ മുഖത്തുനോക്കി വാദിക്കും പ്രതിക്കും വേണ്ടി വാദിക്കരുതെന്ന് പറയുന്നത് വളരെ നിർഭാഗ്യകരമാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പറയട്ടെ, ഇവിടെ കേസ്സെടുത്തിട്ടുള്ളത് ശ്രീ. അമലിന്റെ പരാതിയുടെ അടിസ്ഥാനത്തിലാണ്. അതോടൊപ്പംതന്നെ സിബിയുടെ സുഹൃത്ത് ശ്രീ. തോമസ് ജോസഫിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ തിരിച്ചും കേസ്സെടുത്തിട്ടുണ്ട്.

ശ്രീ. എ. കെ. ബാലൻ: സർ,....

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ. അങ്ങയുടെ ചോദ്യത്തിന് വഴങ്ങിയതാണ്. ബഹുമാനപ്പെട്ട മന്ത്രിയെ സംസാരിക്കാൻ അനുവദിക്കണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ വഴങ്ങുന്നില്ല. ഒരു ഗവൺമെന്റിന് ചെയ്യാൻ കഴിയാവുന്ന കാര്യങ്ങളെല്ലാം ഇവിടെ ചെയ്യുകയാണ്. ....(ബഹളം).... ഞാൻ പറയുന്നത് കേൾക്കു ...(ബഹളം)... കഴിഞ്ഞ ഇടതുപക്ഷ മുന്നണി

ഗവൺമെന്റിന്റെ കാലത്ത് 13-ഓളം കസ്റ്റഡി മരണങ്ങളുണ്ടായിട്ട് ഒരെണ്ണത്തിൽപോലും ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചിട്ടില്ല. ഇവിടെ ഞാൻ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കുന്നു. പ്രതിപക്ഷവുമായി ആലോചിച്ചിട്ട് എങ്ങനെ വേണമെന്ന് തീരുമാനിക്കാം. ധനസഹായം കൊടുക്കാം. ഇതിൽക്കൂടുതൽ ഒരു ഗവൺമെന്റിനും ഒന്നും ചെയ്യാൻ കഴിയില്ല. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്ന് ഞാൻ അങ്ങയെ അറിയിക്കുകയാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു. ....(ബഹളം)....

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): ബഹുമാനപ്പെട്ട സർ, ....(ബഹളം)....

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പ്രസംഗത്തെ തടസ്സപ്പെടുത്തരുത്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: വാസ്തവത്തിൽ ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതാണ്. എല്ലാ ഭാഗത്തുനിന്നുമുള്ള അഭിപ്രായങ്ങൾ അങ്ങ് ശ്രദ്ധിക്കുമെങ്കിൽ

അതാണ് ആദ്യമായി എനിക്ക് അറിയിക്കുവാനുള്ളത്. മൂന്നു മക്കളടങ്ങുന്ന ഒരു നിർദ്ധന കുടുംബത്തിന്റെ ഏക അത്താണിയായിരുന്ന യുവാവിനെ പോലീസ് തല്ലിച്ചതച്ച് കൊന്നതിനെ സംബന്ധിച്ച് ചർച്ച ആവശ്യപ്പെട്ടുകൊണ്ട് അവതരിപ്പിച്ച അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല എത്ര ലാഘവത്തോടുകൂടിയാണ് മറുപടി പറഞ്ഞത്. സാധാരണ മനുഷ്യന്റെ ജീവൻ ഈ സർക്കാർ എത്ര നിസ്സാരമായ നിലയിലാണ് കണ്ടുകൊണ്ടിരിക്കുന്നത് എന്നുള്ളത് വ്യക്തമാക്കുന്നതാണ് ഈ നടപടികൾ. തികച്ചും മനുഷ്യത്വ രഹിതമായ അതിക്രമം കാട്ടിയ പോലീസിന്റെ കാടത്തത്തെ എങ്ങനെയാണ് ഈ സർക്കാർ ന്യായീകരിക്കുന്നത്? പോലീസിന് എന്തു നിയമവിരുദ്ധ നടപടിയും സ്വീകരിക്കുവാനുള്ള ലൈസൻസ് ഈ സർക്കാർ നൽകിയതുകൊണ്ടല്ലേ ഇത്തരം കസ്റ്റഡി മരണങ്ങൾ ആവർത്തിക്കുന്നത്? നാട്ടിൽ നിയമസമാധാനം ഉറപ്പുവരുത്തുവാനായി നിയമത്തിന്റെയും ഭരണഘടനയുടെയും പിൻബലത്തിൽ പ്രവർത്തിക്കുന്നവരാണ് പോലീസ് എന്നല്ലേ സങ്കൽപ്പം; ഇവിടെ ശ്രീ. രമേശ് ചെന്നിത്തലയുടെയും ശ്രീ. ഉമ്മൻ ചാണ്ടിയുടെയും പോലീസ് എന്ത് സമീപനമാണ് എടുത്തുകൊണ്ടിരിക്കുന്നത്; വേലി തന്നെ വിളവുതിന്നുന്നു എന്ന് പറയുന്നതുപോലെ പോലീസ് തന്നെ നിയമം കയ്യിലെടുക്കുകയല്ലേ ചെയ്യുന്നത്?

പഠിക്കാൻ പുസ്തകം നൽകണമെന്ന് ആവശ്യപ്പെട്ട് കഴിഞ്ഞ ദിവസങ്ങളിൽ സമരം ചെയ്ത വിദ്യാർത്ഥികളെ സംസ്ഥാന വ്യാപകമായി തല്ലിച്ചതയ്ക്കുകയല്ലേ നിങ്ങൾ ചെയ്തത്; ശത്രുസൈന്യത്തെ നേരിടുംവിധം തോക്കും ബയണറ്റും ഗ്രനേഡുമൊക്കെ ഉപയോഗിച്ച് പതിനഞ്ചും പതിനാറും വയസ്സുള്ള കുട്ടികളുടെ തലതല്ലിപ്പൊളിക്കുകയും നട്ടെല്ല് അടിച്ചൊടിക്കുകയുമല്ലേ നിങ്ങൾ ചെയ്തത്? കേരളത്തിലെ തീഷ്ണ യൗവ്വനത്തിന്റെ പ്രാണനും ചോരയ്ക്കും വേണ്ടി ഭ്രാന്തുപിടിച്ചവരെപ്പോലെ പേക്കൂത്ത് നടത്തുകയല്ലേ നിങ്ങളിപ്പോഴും ചെയ്യുന്നത്; ഒരു മനസ്സാക്ഷിക്കുത്തുമില്ലാതെ പോലീസിനെ ന്യായീകരിക്കാനല്ലേ ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രമിച്ചത്? ഈ സഭ തന്നെ അതിന് സാക്ഷ്യം വഹിച്ചു കഴിഞ്ഞു. മിസ്റ്റർ രമേശ് ചെന്നിത്തല, ഏത് നിയമത്തിലും ഭരണഘടനയിലും പോലീസ് മാന്വലിലുമാണ് കസ്റ്റഡിയിലെടുക്കുന്ന പ്രതികളെ തല്ലിക്കൊല്ലാനുള്ള വകുപ്പുള്ളത്? നിങ്ങൾ പറയണം. കൊലപാതക കേസ്സിലെയും തീവ്രവാദ കേസ്സിലെയും മയക്കുമരുന്ന് കേസ്സിലെയുമൊക്കെ പ്രതികൾക്കുമുൻപിൽ ഓച്ഛാനിച്ചു നിൽക്കുന്ന ശ്രീ. രമേശ് ചെന്നിത്തലയുടെ പോലീസാണ് ഒരു പാവപ്പെട്ട ചുമട്ടുതൊഴിലാളിയുടെ മകനെ തലതല്ലിപ്പൊളിച്ച് കൊല്ലാൻ തിണ്ണമിടുക്ക് കാണിച്ചത്.

ശ്രീ. ഉമ്മൻ ചാണ്ടിക്കും മറ്റും ഏറെപ്രിയപ്പെട്ട ചില സാമൂഹ്യ വിരുദ്ധരെ പോലീസ് അറസ്റ്റുചെയ്തുകൊണ്ടുപോയത് നാം ചാനലുകളിൽ തൽസമയം തന്നെ കണ്ടതല്ലേ; എങ്ങനെയായിരുന്നു അത്? ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഇഷ്ടഭാജനമായ ഒരു മാന്യ വനിതയുണ്ടല്ലോ, സരിത എസ്. നായർ; ആ മാന്യ വനിതയെ ഓസ്കാർ അവാർഡ് നേടിയ ഒരു നടിയെ ആനയിച്ചു കൊണ്ടുപോകുന്നതുപോലെ ശ്രീ. ഉമ്മൻ ചാണ്ടിയുടെ പോലീസ് അകമ്പടി സേവിച്ച് നാട്ടുനീളെ കൊണ്ടുപോയതല്ലേ? മാത്രമല്ല എറണാകുളത്തുനിന്നും തിരുവനന്തപുരത്തേയ്ക്കുള്ള യാത്രാമധ്യേ അവർക്കൊരു മോഹം. കൊഞ്ച് തിന്നണം.... കൊഞ്ചുതിന്നണം. സരിത എസ്. നായർക്ക് കൊഞ്ചുതിന്നണം. ശ്രീ. ഉമ്മൻ ചാണ്ടിയുടെയും ശ്രീ. രമേശ് ചെന്നിത്തലയുടെയും പോലീസ് എന്തുചെയ്തു? നല്ല കൊഞ്ച് കിട്ടുന്ന സ്ഥലം തിരക്കി അങ്ങ് പുതുപ്പള്ളിവരെ പോയി. അവിടെ ഏതോ ഒരു ഹോട്ടലിൽനിന്ന് കൊഞ്ചെല്ലാം വാങ്ങിക്കൊടുത്ത് ശ്രീമതി സരിത എസ്. നായരെ സന്തോഷിപ്പിച്ച് അട്ടക്കുളങ്ങര ജയിലിലേയ്ക്ക് കൊണ്ടുവന്നു. പിന്നെ ഓരോ ദിവസം കോടതിയിലേയ്ക്ക് കൊണ്ടുപോകും മുൻപ് സരിതയ്ക്കായി അട്ടക്കുളങ്ങരയിലേയ്ക്ക് ബ്യൂട്ടീഷ്യനെ അയക്കുകയായിരുന്നു പോലീസുകാർ ഓരോ തവണയും ചെയ്തത്. വ്യത്യസ്ത വർണ്ണങ്ങളിലുള്ള സാരിയും ശ്രീമതി സരിത എസ്. നായർക്ക് എത്തിക്കുമായിരുന്നു.

തൃശ്ശൂരിൽ ഒരു പാവപ്പെട്ട സെക്യൂരിറ്റി ജീവനക്കാരനെ വണ്ടിയിടിച്ചുകൊന്ന പ്രതി മുഹമ്മദ് നിഷാമിനും സമാനമായ വി.ഐ.പി. പരിഗണനയല്ലേ ശ്രീ. രമേശ് ചെന്നിത്തലയുടെ പോലീസ് നൽകിയത്; പോലീസ് ഉദ്യോഗസ്ഥൻമാർ നന്ദിയുള്ള ജന്തുവിനെപ്പോലെയല്ലേ ഇദ്ദേഹത്തിന്റെ മുൻപിൽ നിൽക്കുന്നത്; ഇയാളെ തെളിവെടുപ്പിനായി പോലീസ് ബാംഗ്ലൂരിൽ കൊണ്ടുപോയത് ഇയാളുടെ മുന്തിയ ഇനം കാറിലായിരുന്നു. ഇതൊക്കെ വാർത്താ ചാനലുകൾ നമ്മെ അറിയിച്ചിട്ടുള്ളതല്ലേ?

ഇതേ പോലീസ് തന്നെയാണ് മരങ്ങാട്ടുപിള്ളിയിൽ പാവപ്പെട്ട ചുമട്ടുതൊഴിലാളിയെ അടിച്ചും ഇടിച്ചും ഇഞ്ചിപ്പരുവമാക്കിയതിനുശേഷം കൊന്നൊടുക്കിയത്. പാവപ്പെട്ട തൊഴിലാളിയെ ഇടിച്ചുകൊന്നാൽ ആരും ചോദിക്കാനില്ലെന്നാണോ നിങ്ങളുടെ ഭാവം; സരിത എസ്. നായരും നിഷാമുമൊക്കെ വാരിയെറിയുന്നതുപോലെ പോലീസിന്റെ പോക്കറ്റുകളിൽ ലക്ഷങ്ങൾ വച്ചുകൊടുക്കാൻ പാവപ്പെട്ട തൊഴിലാളിക്ക് ആകുമോ; അതുകൊണ്ടല്ലേ നിങ്ങളിത്ര പൈശാചികമായി ആ തൊഴിലാളിയോട് പെരുമാറിയത്?

ബൈക്കിൽ പോകുന്ന യുവാക്കളെയടക്കം നടുറോഡിൽ തടഞ്ഞുനിർത്തി ഊതിപ്പിച്ചൂതിപ്പിച്ച് രസിക്കുന്ന നിങ്ങളുടെ പോലീസ് എന്തേ സിബി എന്ന ആ തൊഴിലാളിയെ വൈദ്യ പരിശോധനയ്ക്ക് വിധേയമാക്കാതിരുന്നത്? നിങ്ങളുടെ

പോലീസ് പറയുന്നത് കസ്റ്റഡിയിലെടുക്കുമ്പോൾത്തന്നെ സിബിക്ക് മർദ്ദനമേറ്റിരുന്നു എന്നാണല്ലോ; അങ്ങനെയാണെങ്കിൽ എന്തുകൊണ്ട് അദ്ദേഹത്തെ അപ്പോൾത്തന്നെ ആശുപത്രിയിലാക്കിയില്ല? നിങ്ങളുടെ പോലീസിന്റെ കയ്യിൽ ഒരു സാധാരണക്കാരനെ കിട്ടിയാൽ അയാളെ എന്തൊക്കെ ചെയ്യുമെന്ന് അറിയാത്തവരല്ല കേരളത്തിലെ ജനങ്ങൾ. എന്നിട്ടിപ്പോൾ പോലീസിനെ ന്യായീകരിക്കുവാൻ നിങ്ങൾ എന്താണ് പറയുന്നത്; പതിനാറ് വയസ്സുവരെ മാത്രം പ്രായമുള്ള മീശ കിളിർക്കാത്ത ഒരു പയ്യൻ നാൽപതുകാരനായ സിബിയെ മർദ്ദിച്ച് അവശനാക്കിയെന്നാണ്. അതിന്റെ പേരിൽ ഈ പതിനാറുകാരൻ പയ്യനെതിരെ കൊലക്കുറ്റത്തിന് കേസെടുത്തിരിക്കുകയാണോ? ഞാൻ ചോദിക്കുകയാണ്. ആ പതിനാറുകാരന് എതിരായിട്ടാണോ നിങ്ങൾ കൊലക്കുറ്റത്തിന് കേസ്സെടുത്തിരിക്കുന്നത്; അങ്ങനെയെങ്കിൽ ആ പയ്യനെയല്ലേ ആദ്യം അറസ്റ്റ് ചെയ്യേണ്ടിയിരുന്നത്; എന്തു നാണക്കേടാണ്? കുഴിയാന കുത്തി മലർത്തി എന്നുപറയുന്നത് ആനയെയല്ലേ? കുഴിയാന ആനയെ കുത്തി മലർത്തി പോലും! ഇങ്ങനെ അസംബന്ധ ന്യായങ്ങൾ വിളമ്പി പോലീസ് കാട്ടിയ കാട്ടാളത്തത്തെ നിങ്ങൾ മറച്ചുപിടിക്കാൻ ശ്രമിക്കുകയല്ലേ? സിബിയുടെ നിരാലംബരും വൃദ്ധരുമായ മാതാപിതാക്കളെപ്പോലും നിങ്ങളുടെ പോലീസ് അരുതാത്തത് ചെയ്യുകയല്ലേ

ചെയ്തത്. പ്രതിയെ അന്വേഷിച്ചുവന്ന ബന്ധുക്കളെക്കൊണ്ട് ലോക്കപ്പ് കഴുകിച്ചുവിട്ട നിങ്ങളുടെ ചേതോവികാരം എന്താണ് മിസ്റ്റർ ചെന്നിത്തല? അവിടെ സിബി ചെന്നതിനുശേഷം എങ്ങനെയാണ് മലം വന്നത്; നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ; നിങ്ങളുടെ പോലീസ് ചെയ്തതല്ലേ? അവിടെ മലം വന്നിരിക്കുന്നു എന്നുതന്നെ അടിച്ച്, ഉറിച്ച് അതിദയനീയമായ സ്ഥിതി നിങ്ങളുടെ പോലീസ് ഉണ്ടാക്കി എന്നല്ലേ കാണിക്കുന്നത്? സാമാന്യ ബുദ്ധിയുണ്ടെങ്കിൽ അത് തിരക്കി പോകേണ്ടതുണ്ടോ; കാടത്തരത്തിനെ ന്യായീകരിക്കാൻ എങ്ങനെ കഴിയുന്നു? അപമാനകരമാണ്...... കേരളപോലീസിനാകെ അപമാനമാണിത്. കേരളാ പോലീസിൽ ചെന്നിത്തല അടിയന്തിരാവസ്ഥയുടെ പ്രേതത്തെ കുടിയിരുത്തിയിരിക്കുകയാണ്. പക്ഷേ ഉമ്മൻ ചാണ്ടിയും ചെന്നിത്തലയുമൊക്കെ ഓർക്കുന്നത് നല്ലതാണ്. അടിയന്തിരാവസ്ഥ കഴിഞ്ഞിട്ട് നാൽപ്പതാമത്തെ ആണ്ടാണ്. ഇതിനിടയിൽ രാജ്യത്ത് ഒത്തിരിയൊത്തിരി മാറ്റങ്ങൾ വന്നു. പോലീസ് സംവിധാനത്തിലും നിയമ/നീതി നിർവ്വഹണത്തിലും മനുഷ്യാവകാശങ്ങളിലുമൊക്കെ രാജ്യാന്തരങ്ങളിൽത്തന്നെ ഒത്തിരി മാറ്റങ്ങളും പുത്തൻ നടപടിക്രമങ്ങളും ഉണ്ടായിട്ടുണ്ട്. അതൊന്നും മനസ്സിലാക്കാതെ പഴയ കാലത്തെ ഇടിയൻ നാരായണ പിള്ളയെപ്പോലെ നിങ്ങൾ പോലീസിനെ മാറ്റുകയല്ലേ ചെയ്തത്? ജനങ്ങൾ ഇതൊക്കെ സഹിച്ച്

വെറുതെയിരിക്കുമെന്ന് കരുതേണ്ട. കാട്ടാളത്തം കാണിക്കുന്ന പോലീസ് മാത്രമല്ല, അവരെ കയറൂരി വിടുന്ന ഭരണാധികാരികളും അതിന് വില നൽകേണ്ടി വരുമെന്ന് മാത്രമേ ഞാനീയവസരത്തിൽ പറയുന്നുള്ളൂ. സിബിയെ മർദ്ദിച്ചു കൊലപ്പെടുത്തിയ പേലീസ് ഓഫീസർമാർക്കെതിരെ കൊലക്കുറ്റത്തിന് കേസ്സെടുത്ത് അറസ്റ്റ് ചെയ്യുന്നതുവരെ ഞങ്ങൾക്ക് ഇവിടെ കുത്തിയിരിക്കേണ്ടി വരുന്നു, വാക്കൗട്ട് ചെയ്യേണ്ടി വരുന്നില്ല എന്ന കാര്യം ബഹുമാനപ്പെട്ട ആഭ്യന്തരകാര്യ വകുപ്പ് മന്ത്രിയെ അറിയിക്കുകയാണ്.

(തുടർന്ന് പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി കുത്തിയിരുന്ന് മുദ്രാവാക്യങ്ങൾ വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

<u>മി. സ്പീക്കർ:</u> ബഹുമാന്യരായ അംഗങ്ങൾ സീറ്റിലേയ്ക്ക് പോകണം, സഭ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം.........പ്ലീസ്.......പ്ലീസ്........ അംഗങ്ങൾ സീറ്റിലേയ്ക്ക് മടങ്ങുന്നില്ലാ എങ്കിൽ നടപടികൾ പൂർത്തിയാക്കേണ്ടി വരും. .......പ്ലീസ്........പ്ലീസ്....... ....(ബഹളം)........